## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1050</u> — <u>21.03.2013 - ൽ മറുപടിക്ക്</u>

## <u>ഓട്ടിസം ബാധിച്ച കുട്ടികളുടെ വിദ്യാഭ്യാസം</u>

| <u>ചോദ്യം</u> | | | <u>ഉത്തരം</u> |
|---|---|---|---|
| ശ്രീ. കെ.രാജു | | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) | ഓട്ടിസം ബാധിച്ച കുട്ടികളെ പരിശീലിപ്പിക്കുന്നതിന് അദ്ധ്യാ-പകരെ നിയമിക്കാത്തത് കാരണം ഇവരുടെ വിദ്യാഭ്യാസം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ഡിസ്ആബിൾഡ് അറ്റ് ദ സെക്കണ്ടറി സ്റ്റേജ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ ഓട്ടിസം ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽപ്പെട്ട പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഓട്ടിസമുള്ള കുട്ടികളെ ഇൻക്ലൂസീവ് എഡ്യൂക്കേഷൻ എന്ന കേന്ദ്ര വിദ്യാഭ്യാസ നിയമ പ്രകാരം പൊതുവിദ്യാലയങ്ങളിൽ തന്നെ പഠിപ്പിക്കണമെന്നും 5 കുട്ടികൾക്ക് ഒരു സ്പെഷ്യൽ ടീച്ചറെ നിയമിക്കണമെന്നുമുള്ള ശുപാർശ നടപ്പാവാതെ പോകുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ഡിസ്ആബിൾഡ് അറ്റ് ദ സെക്കണ്ടറി സ്റ്റേജ് പദ്ധതിയിൻ കീഴിൽ ഓട്ടിസം ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽപ്പെട്ട പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിന് റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. കേന്ദ്ര പദ്ധതിയിൽ 1:5 ആണ് ടീച്ചർ - വിദ്യാർത്ഥി അനുപാതം എങ്കിലും യോഗ്യരായ ടീച്ചർമാരുടെ അഭാവം സംസ്ഥാനത്ത് നിലനിൽക്കുന്നതിനാൽ ഈ അനുപാതത്തിൽ നിയമനം നടത്താൻ സാധിക്കുന്നില്ല. |
| (സി) | ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | യോഗ്യരായ ഉദ്യോഗാർത്ഥികളെ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഈ കുറവ് പരിഹരിക്കാൻ ശ്രമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ